LIBRARY ARCHIVES Kerala Legislative Assembly

താഴെപ്പറയുന്ന സൗകര്യങ്ങളാണ് പകൽ വീടുകളിൽ ലഭ്യമാക്കിയിട്ടുള്ളത്:

1. വീടുകളിൽനിന്നും പകൽ വീടുകളിലേക്കും തിരിച്ചുമുള്ള യാത്രാസൗകര്യം.
2. തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങൾ.
3. വിനോദത്തിനും വിജ്ഞാനത്തിനുമുള്ള സൗകര്യങ്ങൾ.
4. ഭക്ഷണം പാകം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ.
5. സാമ്പത്തികമായ നേട്ടങ്ങൾ ലഭിക്കുന്ന ചെറിയ ചെറിയ തൊഴിലുകൾ ചെയ്യുന്നതിനായുള്ള സംരക്ഷിത തൊഴിൽശാലകൾ.
6. വ്യായാമത്തിനുള്ള സൗകര്യങ്ങൾ.
7. രോഗികൾക്കും ബന്ധുക്കൾക്കും കൗൺസിലിംഗ്.
8. സാമൂഹിക ചുറ്റുപാടുകളിലുള്ള രോഗികളുടെ പുനരധിവാസം ലക്ഷ്യമിട്ടുന്ന പരിശീലനം, സഹായം എന്നിവ.

ക്യാൻസർ രോഗം പ്രതിരോധിക്കുന്നതിനും ചികിത്സാ ചെലവ് വഹിക്കുന്നതിനും നടപടി

20 (727) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചു വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ക്യാൻസർ രോഗം പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) 2004 മുതൽ 2014 വരെയുള്ള 10 വർഷക്കാലത്തിനുള്ളിൽ ഓരോ വർഷവും എത്രപേർ ക്യാൻസർ രോഗം ബാധിച്ച് മരണമടഞ്ഞിട്ടുണ്ടെന്നു വിശദമാക്കാമോ ;

(സി) നിർദ്ധനരായ ക്യാൻസർ രോഗികളുടെ ചികിത്സാ ചെലവ് സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്യാൻസർ രോഗം നിയന്ത്രിക്കുന്നതിനായി നിരന്തരമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ ആർ.സി.സി. നടത്തുന്നുണ്ട്. ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓംകോളജി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആഴ്ചയിൽ മൂന്നുദിവസം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകളും ക്യാൻസർ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പത്രമാസികകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ, ആകാശവാണി, ദൂരദർശൻ കേന്ദ്രം, സ്വകാര്യ ടി.വി. ചാനലുകൾ എന്നിവ വഴി ബോധന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽ ക്യാൻസർ രോഗനിർണ്ണയത്തിനായി ആർ.സി.സി.യുടെ കീഴിൽ ഏർളി ക്യാൻസർ ഡിറ്റക്ഷൻ സെന്ററുകൾ (ECDC) പ്രവർത്തിച്ചു വരുന്നുണ്ട്. ഇതുകൂടാതെ കണ്ണൂർ, പത്തനംതിട്ട, കൊല്ലം എന്നിവിടങ്ങളിലും ആർ.സി.സി.-യുടെ മേൽനോട്ടത്തിൽ ECDC-കൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും എറണാകുളം ജനറൽ ഹോസ്പിറ്റലിലും ക്യാൻസർ ചികിത്സാ സൗകര്യങ്ങളും മറ്റ് രോഗനിയന്ത്രണ സൗകര്യങ്ങളും നിലവിലുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) ബി.പി.എൽ വിഭാഗത്തിൽപ്പെടുന്ന ക്യാൻസർ രോഗികളുടെ മൂന്നുലക്ഷം രൂപ വരെയുള്ള ചികിത്സാ ചെലവുകൾ സൗജന്യമാക്കിക്കൊണ്ട് 1-11-2014 മുതൽ സുകൃതം പദ്ധതി സർക്കാർ നടപ്പാക്കിക്കഴിഞ്ഞു. ഇതുകൂടാതെ നിർദ്ധനരായ രോഗികൾക്കായി കാരുണ്യ ബെനവലന്റ് ഫണ്ട്, ചിസ് പ്ലസ് തുടങ്ങിയ പദ്ധതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

അമൃതം പദ്ധതി

21 (728) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജീവിതശൈലീരോഗ നിയന്ത്രണത്തിനായി ആരംഭിച്ച അമൃതം പദ്ധതിക്കായി ഈ സർക്കാർ എത്ര രൂക ചെലവഴിച്ചിട്ടുണ്ടെന്ന വിവരം വാർഷിക ക്രമത്തിൽ അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.